"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

സംഗ്രഹം

തദ്ദേശസ്വയംഭരണ വകുപ്പ് - ഈഞ്ചയ്ക്കൽ-ശ്രീവരാഹം-അട്ടക്കുളങ്ങര റോഡ് വികസനവുമായി ബന്ധപ്പെട്ട് ബഹു. തിരുവനന്തപുരം സബ് കോടതിയിൽ ഫയൽ ചെയ്ത LAR 845/2008 നമ്പർ കേസിലെ വിധി നടപ്പാക്കുന്നതിനായി 4217-60-800-93 എന്ന ശീർഷകത്തിൽ അഡീഷണൽ ആതറൈസേഷനായി അനുവദിച്ച തുകയിൽ നിന്നും 63,10,037/-രൂപ റിലീസ് ചെയ്യുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

തദ്ദേശസ്വയംഭരണ (ഐ.എ) വകുപ്പ്

സ.ഉ.(സാധാ) നം.1495/2022/LSGD തീയതി,തിരുവനന്തപുരം, 20-06-2022

---

പരാമർശം:-
1. തിരുവനന്തപുരം വികസന അതോറിറ്റി സെക്രട്ടറിയുടെ 25.08.2021ലെ എസ്റ്റ്1/909/2021/ടിഡ നമ്പർ കത്ത്.
2. സ.ഉ.(സാധാ) നം.852/2022/തസ്വഭവ തീയതി 05.04.2022.
3. സ.ഉ.(സാധാ) നം. 3681/2022/ധന തീയതി 17/05/2022.

ഉത്തരവ്

ഈഞ്ചയ്ക്കൽ - ശ്രീവരാഹം- അട്ടക്കുളങ്ങര റോഡ് വികസനത്തിനായി ഭൂമി ഏറ്റെടുത്തതുമായി ബന്ധപ്പെട്ട് ശ്രീ.കെ. കുമാർ ബഹു. തിരുവനന്തപുരം സബ് കോടതിയിൽ ഫയൽ ചെയ്ത LAR 845/2008 നമ്പർ കേസിന്മേൽ ജില്ലാ കളക്ടർ പുറപ്പെടുവിച്ച അവാർഡ് തുക അനുവദിക്കണമെന്ന് പരാമർശം (1) പ്രകാരം ടിഡ സെക്രട്ടറി സർക്കാരിനോട് അഭ്യർത്ഥിച്ചിരുന്നു.

2) ഈഞ്ചയ്ക്കൽ - ശ്രീവരാഹം- അട്ടക്കുളങ്ങര റോഡ് വികസനത്തിന് സ്ഥലം ഏറ്റെടുത്തതുമായി ബന്ധപ്പെട്ട് ശ്രീ.കെ. കുമാർ ബഹു. തിരുവനന്തപുരം സബ് കോടതിയിൽ ഫയൽ ചെയ്ത LAR 845/2008 നമ്പർ കേസിലെ വിധി നടപ്പാക്കുന്നതിനായി തിരുവനന്തപുരം ജില്ലാ കളക്ടർ പൊന്നും വില സെക്ഷൻ 28 എ പ്രകാരം പാസ്സാക്കിയ അവാർഡ് തുകയായ 63,10,037/-രൂപ അനുവദിക്കുന്നതിന് പരാമർശം (2) പ്രകാരം ഭരണാനുമതി നൽകി ഉത്തരവായിരുന്നു. ടി തുക അനുവദിക്കുന്നതിനായി പരാമർശം (3) പ്രകാരം അധിക ധനാനുമതിയായി 63,11,000/- രൂപ 4217-60-800-93 എന്ന ശീർഷകത്തിൽ അനുവദിച്ചിരുന്നു.

3) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ഈഞ്ചയ്ക്കൽ-ശ്രീവരാഹം-അട്ടക്കുളങ്ങര റോഡ് വികസനത്തിന് സ്ഥലം ഏറ്റെടുത്തതുമായി ബന്ധപ്പെട്ട് ശ്രീ.കെ. കുമാർ ബഹു. തിരുവനന്തപുരം സബ് കോടതിയിൽ ഫയൽ ചെയ്ത LAR 845/2008 നമ്പർ കേസിൽ തിരുവനന്തപുരം ജില്ലാ കളക്ടർ അവാർഡ്

പാസാക്കിയിട്ടുള്ളതും, ടി കേസിലെ വിധിക്കെതിരെ അപ്പീലിന് സ്കോപ്പില്ല എന്ന് അഡ്വക്കേറ്റ് ജനറൽ അറിയിച്ചിട്ടുള്ളതായി ജില്ലാ കളക്ടർ റിപ്പോർട്ട് ചെയ്തിട്ടുള്ളതുമായ കേസിലെ വിധിക്കട തുക നൽകുന്നതിനായി പരാമർശം (2) പ്രകാരം ഭരണാനുമതി നൽകിയിട്ടുള്ള തുക നൽകുന്നതിനായി പരാമർശം (3) പ്രകാരം 4217-60-800-93 എന്ന ശീർഷകത്തിൽ അഡീഷണൽ ആതറൈസേഷനായി അനുവദിച്ച തുകയിൽ നിന്നും ശ്രീ. കെ. കുമാറിന് 63,10,037/- രൂപ (അറുപത്തി മൂന്ന് ലക്ഷത്തി പതിനായിരത്തി മുപ്പത്തേഴ് രൂപ മാത്രം) അനുവദിക്കുന്നതിന് വേണ്ടി റിലീസ് ചെയ്യുന്നതിന് അനുമതി നൽകി ഉത്തരവാകുന്നു. മേൽ ചെലവിന്റെ ക്രമീകരണത്തിനുള്ള ഉപധനാഭ്യർത്ഥന ശിപാർശ യഥാസമയം നഗരകാര്യ ഡയറക്ടർ ലഭ്യമാക്കേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ബിജു പ്രഭാകർ
സെക്രട്ടറി

നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം
സെക്രട്ടറി, ട്രിഡ
ജില്ലാ കളക്ടർ, തിരുവനന്തപുരം
ട്രഷറി ഡയറക്ടർ, തിരുവനന്തപുരം
സബ് ട്രഷറി ഓഫീസർ, സബ് ട്രഷറി, കുടപ്പനക്കുന്ന്, തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്), തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ/ജി.എസ്.എസ്.എ/ഇ.ആർ.എസ്.എ) കേരളം, തിരുവനന്തപുരം.
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ
നിയമവകുപ്പ് (526/ഉപദേശം-ഡി 3/2022/നിയമം തീയതി 11/03/2022)
ധനവകുപ്പ് (DEV-2/119/2022-FIN(2062354) dated 20/05/2022)
കരുതൽ ഫയൽ / ഓഫീസ് കോപ്പി (IA2/103/2021/LSGD)

ഉത്തരവിൻ പ്രകാരം

Signed by Vijitha M B
Date: 21-06-2022 14:10:29
സെക്ഷൻ ഓഫീസർ